"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭയിലെ റിട്ട.റവന്യൂ ഓഫീസർ, ശ്രീ. പി.റ്റി വിജയനെതിരായ കെ.എസ്.ആർ ഭാഗം III ചട്ടം 59(ബി) പ്രകാരമുള്ള നടപടി - തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2155/2023/LSGD തീയതി,തിരുവനന്തപുരം, 02-11-2023

---

പരാമർശം:-

1. സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ 05.03.2010-ൽ കൊച്ചി നഗരസഭയിൽ നടത്തിയ അന്വേഷണറിപ്പോർട്ട്.
2. 22.03.2010 തീയതിയിലെ സ.ഉ(സാധാ) നം.978/2010/തസ്വഭവ.
3. 29.11.2010 തീയതിയിലെ 20083/ഇയു1/10/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. നഗരകാര്യഡയറക്ടറുടെ 14.02.2019തീയതിയിലെ വി3-5508/2010 നമ്പർ കത്ത്.
5. 27.11.2021, 14.12.2021 തീയതികളിലെ 74724/ഇയു2/2014/തസ്വഭവ. നമ്പർ കത്തുകൾ
6. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 18.10.2023 തീയതിയിലെ A1 -3/35/2022-KPSC നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്നുണ്ട് എന്ന് കാണിച്ചുകൊണ്ട് ഡോ. കെ. ബാലചന്ദ്രൻ ബഹു. തദ്ദേശഭരണ വകുപ്പുമന്ത്രി മുമ്പാകെ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ 05.03.2010-ൽ കൊച്ചി നഗരസഭയിൽ അന്വേഷണം നടത്തി സർക്കാരിൽ പരാമർശം 1 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിൻപ്രകാരം റവന്യൂ ഓഫീസർ ശ്രീ. പി.റ്റി വിജയൻ, അധികാര പരിധി ലംഘിച്ച് പല കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെന്നും ഡോ. കെ. ബാലചന്ദ്രന്റെ ഭാര്യയായ ശ്രീമതി. ലീല ബാലചന്ദ്രന്റെ കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്തിയത് അധികാര പരിധി ലംഘിച്ചുകൊണ്ടാണെന്നും നികുതി നിർണ്ണയത്തിലെ പ്രസക്തമായ എല്ലാ വസ്തുകളും കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ചിട്ടുണ്ടെന്നും കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു. സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ടിൽ കൊച്ചി നഗരസഭയിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി പി.എൻ. ജയ, റവന്യൂ ഓഫീസർ ശ്രീ. പി.റ്റി വിജയൻ എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുകളെ പരാമർശം 2 പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു.

2. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഡോ. കെ. ബാലചന്ദ്രന്റെ ഭാര്യയായ ഡോ. ലീല ബാലചന്ദ്രന്റെ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ പ്രസക്തമായ എല്ലാ വസ്തുതകളും കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ചത് തികച്ചും അനീതിയും അധികാര ദുർവിനിയോഗവുമാണെന്ന് കണ്ടെത്തിയിരുന്നു. റവന്യൂ ഓഫീസർ ശ്രീ. പി. റ്റി. വിജയൻ പ്രസ്തുത കെട്ടിടത്തിന് നിർണ്ണയിച്ച വാർഷിക നികുതി 1,56,340/- രൂപയാണ്. പിന്നീടുള്ള പരാതി പ്രകാരം മേൽ അസസ്മെന്റ് റദ്ദ് ചെയ്ത ശേഷം നഗരസഭാ സെക്രട്ടറി വീണ്ടും അസസ്മെന്റ് നടത്തിയതനുസരിച്ച് കെട്ടിട വാർഷിക നികുതി 87,976/- രൂപയായി കുറഞ്ഞിട്ടുള്ളതിൽ നിന്നുതന്നെ ടിയാൻ തെറ്റായി നികുതി പുനർ നിർണ്ണയിച്ചപ്പോഴും നിർണ്ണയിച്ച നികുതിയുടെ 25% കൂടെ കൂട്ടി നികുതി നിർണ്ണയിച്ചത് നിയമവ്യവസ്ഥകളുടെ ലംഘനവും സർക്കാർ ചട്ടങ്ങളുടെ വ്യക്തമായ ലംഘനവുമായി കണ്ട് റവന്യൂ ഓഫീസർ തസ്തികയിൽ നിന്നും 31.03.2010-ൽ വിരമിച്ച ശ്രീ. പി.റ്റി. വിജയന് കെ.എസ്.ആർ ഭാഗം III ചട്ടം 59(ബി) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും 150/- രൂപ വീതം 3 വർഷത്തേയ്ക്ക് തടയുവാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം 3 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

3. ഡോ. ലീല ബാലചന്ദ്രന്റെ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുള്ളത് ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർ ആണെന്നാണ് ശ്രീ. പി.റ്റി. വിജയൻ മറുപടി സമർപ്പിച്ചിരുന്നത്. പ്രസ്തുത കെട്ടിടത്തിന് നികുതി ചുമത്തിയിട്ടുള്ളത് കൂടുതലാണന്നും റവന്യൂ ഓഫീസർ അധികാരപരിധി ലംഘിച്ചാണ് നികുതി ചുമത്തിയിട്ടുള്ളതെന്ന കെട്ടിട ഉടമയുടെ പരാതി ലഭിച്ചപ്പോൾ തന്നെ കെട്ടിടത്തിന് നിശ്ചയിച്ചിട്ടുള്ള നികുതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പുതിയ തീരുമാന പ്രകാരമാണെന്ന് റവന്യൂ ഇൻസ്പെക്ടർ അറിയിച്ചിരുന്നു. എങ്കിൽപ്പോലും ടി അസസ്മെന്റ് റദ്ദാക്കുവാനും സമീപത്തുള്ള സമാന കെട്ടിടങ്ങളുടെ നികുതിയുമായി താരതമ്യപ്പെടുത്തി വീണ്ടും അസസ്മെന്റ് ചെയ്യുവാനും ടിയാൻ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭാ സെക്രട്ടറി അപ്രകാരം തീരുമാനമെടുത്തിട്ടുള്ളതെന്ന് ബന്ധപ്പെട്ട നഗരസഭ ഫയലിൽ നിന്നും വ്യക്തമാകുന്നതാണെന്നും ശ്രീ. പി.റ്റി. വിജയൻ കാരണം കാണിക്കൽ നോട്ടീസിന് മറുപടി സമർപ്പിച്ചിരുന്നു.

4. കൊച്ചി നഗരസഭയിൽ വ്യാവസായികാവശ്യത്തിനായി പണിയുന്ന കെട്ടിടങ്ങൾക്ക് നികുതിയുടെ 25% അധികം ചുമത്തുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നതെന്നും ആദ്യ അസസ്മെന്റിൽ റവന്യൂ ഇൻസ്പെക്ടറും, റദ്ദാക്കപ്പെട്ട് വീണ്ടും നടത്തിയ അസസ്മെന്റിൽ ഡെപ്യൂട്ടി സെക്രട്ടറിയാണ് 25% നികുതി അധികം ചേർത്തതെന്നും ശ്രീ. പി.റ്റി. വിജയന്റെ മറുപടിയിൽ പറയുന്നു. പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ 25% അധിക നികുതി ചുമത്തിയത് നിയമ വ്യവസ്ഥകളുടെ ലംഘനമാണെന്നും ആയതിന് ഡെപ്യൂട്ടി സെക്രട്ടറിയും അഡീഷണൽ സെക്രട്ടറിയും ഉത്തരവാദികളാണെന്നുമാണ് പറഞ്ഞിട്ടുള്ളതെന്നും ഉത്തരവാദിത്വം റവന്യൂ ഓഫീസറായ ടിയാന്റെ പേരിൽ ചുമത്തിയത് അന്യായവും നീതികേടുമാണെന്നും ശ്രീ. വിജയൻ മറുപടി നൽകിയിരിക്കുന്നു. റവന്യൂ ഓഫീസർ അധികാര പരിധി ലംഘിച്ചുവെന്ന് ഡെപ്യൂട്ടി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള പല കെട്ടിടങ്ങളുടെയും നികുതി നിർണ്ണയ അംഗീകാരം റവന്യൂ ഓഫീസറുടെ പരിധിയിൽ വരുന്നതാണെന്ന് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അർത്ഥശങ്കക്കിടയില്ലാത്ത വിധം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതും പ്രസ്തുത റിപ്പോർട്ടിൽ അധികാര പരിധിയിലധികമായി അംഗീകാരം നൽകിയതായി കാണിച്ചിട്ടുള്ള 5 കെട്ടിടങ്ങളും റവന്യൂ ഓഫീസറുടെ അധികാരപരിധി 150 ച.മീറ്ററായി കുറവുവരുത്തിയതിനും പിന്നീട് 200 ച.മീറ്ററായി വർദ്ധിപ്പിച്ചതിനും ഇടയിലുള്ള

കാലയളവിലാണെന്നും, ടി കാലയളവിൽ 150 ച.മീറ്ററായി കുറവു വരുത്തിയതു സംബന്ധിച്ച പരാതിയിന്മേൽ പുന:പരിശോധന വരുത്തുന്നതുവരെ കുറവുവരുത്തുന്നതിനു മുമ്പുള്ള സ്ഥിതി തുടരുവാൻ നഗരസഭാ സെക്രട്ടറി നിർദ്ദേശിച്ചിരുന്നുവെന്നും ശ്രീ. പി.റ്റി. വിജയൻ ബോധിപ്പിച്ചിട്ടുണ്ട്. അടിസ്ഥാനമില്ലാത്ത കുറ്റങ്ങൾ ചുമത്തി ടിയാന്റെ സേവനം തൃപ്തികരമല്ലെന്ന നിഗമനത്തിൽ ടിയാന്റെ പെൻഷനിൽ നിന്നും 150 രൂപ വീതം 3 വർഷത്തേയ്ക്ക് തടഞ്ഞുവയ്ക്കുവാൻ താൽക്കാലികമായി തീരുമാനിച്ചത് വളരെ ഖേദകരമാണെന്നും ടിയാന്റെ ഭാഗത്തു നിന്നും അറിയാതെ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് സദയം ക്ഷമിച്ച് മാപ്പാക്കി ഇപ്പോൾ സർക്കാർ എടുത്തിട്ടുള്ള താൽക്കാലിക തീരുമാനം പുന:പരിശോധിച്ച് ടിയാന്റെ പെൻഷനിൽ കുറവ് വരുത്തിയിട്ടുള്ള നടപടി പിൻവലിച്ച് ടി സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് തീരുമാനമെടുക്കണമെന്ന് ശ്രീ. പി.റ്റി. വിജയന്റെ മറുപടിയിൽ അപേക്ഷിച്ചിരുന്നു.

5. ഇക്കാര്യത്തിൽ കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിൽ റിട്ടയേർഡ് റവന്യൂ ഓഫീസറായിരുന്ന ശ്രീ. പി.റ്റി. വിജയന്റെ മറുപടി പരിശോധിച്ചതിൽ ടിയാന്റെ വാദഗതികൾ പൂർണ്ണമായും അംഗീകരിക്കാൻ കഴിയില്ലെന്നും ടിയാന് നൽകിയിട്ടുള്ള Delegation power പ്രകാരം രണ്ട് നിലവരെയുള്ള (upto 200 ന്) കെട്ടിടങ്ങൾക്ക് മാത്രമാണ് ടിയാന് നികുതി ചുമത്തുവാനുള്ള അധികാരമുള്ളതെന്നും ഡോ. ലീല ബാലചന്ദ്രന്റെ പേരിലുള്ള വിഷയാസ്പദമായ കെട്ടിടം ബെയ്സ്മെന്റ് ഫ്ലോർ 99.60 m2 ഗ്രൗണ്ട് ഫ്ലോർ 126.72 m2, ഫസ്റ്റ് ഫ്ലോർ, 144.45 m2, സെക്കന്റ് ഫ്ലോർ 134.36 m2 സ്റ്റെയർ കാബിൻ 30.16m2 എന്നിവയുൾപ്പെടെ ആകെ 535.29m2 ആണെന്നും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു. ഈ വിഷയത്തിൽ എത്ര യൂണിറ്റ് ഉണ്ടെന്നോ എത്ര നമ്പറുകളാണ് നൽകിയിരുന്നതെന്നോ പരിഗണിക്കേണ്ട വിഷയമല്ലെന്നാണ് അഭിപ്രായമെന്നും റവന്യൂ ഇൻസ്പെക്ടർ തയ്യാറാക്കി തരുന്ന നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് ശുപാർശ രേഖപ്പെടുത്തി ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക് അയയ്ക്കുന്നതിനുപകരം റവന്യൂ ഓഫീസറായ ശ്രീ. പി.റ്റി. വിജയൻ പ്രസ്തുത നികുതി നിർണ്ണയത്തിന് അംഗീകാരം നൽകിയിട്ടുള്ളതിൽ വീഴ്ചയുണ്ടെന്നും പിന്നീട് ടി നികുതി നിർണ്ണയം നഗരസഭാ സെക്രട്ടറി റദ്ദ് ചെയ്യുകയും പുതുതായി നികുതി നിർണ്ണയം നഗരസഭാ സെക്രട്ടറിയാണ് അംഗീകരിച്ചിട്ടുള്ളതെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. റിട്ടയേർഡ് റവന്യൂ ഓഫീസർ ശ്രീ. പി.റ്റി. വിജയന്റെ മറുപടിയിൽ നിന്നും, ആ കാലയളവിൽ റവന്യൂ ഇൻസ്പെക്ടറായ ശ്രീ. അജിത്ത് പ്രസാദിന്റെ മറുപടിയിൽ നിന്നും മേലുദ്യോഗസ്ഥയായ റിട്ടയേർഡ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി. പി.എൻ. ജയയുമായി സ്വരചേർച്ചയില്ലായിരുന്നുവെന്നും ആയത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെന്നും മനസ്സിലാക്കാവുന്നതാണെന്നും പ്രസ്തുത വിഷയത്തിൽ പരസ്പരം ആരോപണങ്ങളും പ്രത്യാരോപണങ്ങളും നടത്തിയിട്ടുള്ളതും ആയത് ഫയലിൽ വ്യക്തമാണെന്നും പ്രസ്തുത പ്രവൃത്തി ഓഫീസ് അച്ചടക്ക നടപടികൾക്ക് വിരുദ്ധമാണെന്നും കാണുന്നതായി കൊച്ചി കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

6. റവന്യൂ ഇൻസ്പെക്ടർ തയ്യാറാക്കി നൽകിയ നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് റവന്യൂ ഓഫീസറായ ശ്രീ. പി.റ്റി. വിജയൻ ശുപാർശ രേഖപ്പെടുത്തി ഡെപ്യൂട്ടി സെക്രട്ടറിക്ക് അയയ്ക്കാമായിരുന്നിട്ടും ആയതിനുപകരം റവന്യൂ ഓഫീസറായ ശ്രീ. പി.റ്റി. വിജയൻ പ്രസ്തുത നികുതി നിർണ്ണയത്തിന് അംഗീകാരം നൽകിയതിൽ വീഴ്ചയുണ്ടെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതായും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ട്

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ കണ്ടെത്തലുകളെ ശരിവയ്ക്കുന്നതാണ് എന്നതിനാൽ റിട്ടയേർഡ് റവന്യൂ ഓഫീസർ ശ്രീ. പി.റ്റി. വിജയന്റെ ഭാഗത്ത് നിന്നും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

7. നഗരകാര്യഡയറക്ടറുടെ ശുപാർശപ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ കൊച്ചി നഗരസഭയിലെ റിട്ട.റവന്യൂ ഓഫീസർ, ശ്രീ. പി.റ്റി വിജയനെതിരായ ആരോപണങ്ങളെ സംബന്ധിച്ച് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ട്, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ കണ്ടെത്തലുകളെ ശരിവയ്ക്കുന്നതാണെന്നും ഇക്കാര്യത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ചവന്നതായും കണ്ടതിനാൽ, റിട്ടയേർഡ് റവന്യൂ ഓഫീസർ ശ്രീ.പി.റ്റി.വിജയന് നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലികതീരുമാനം സ്ഥിരപ്പെടുത്തുന്നതിന് മുമ്പായി കെ.എസ്.ആർ ഭാഗം III ചട്ടം 59(ബി) പ്രകാരം ടിയാനെ നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകിയെങ്കിലും ടിയാൻ ഹിയറിംഗിന് ഹാജരായിരുന്നില്ല.

8. പ്രസ്തുത സാഹചര്യത്തിൽ റിട്ടയേർഡ് റവന്യൂ ഓഫീസർ ശ്രീ.പി.റ്റി.വിജയന് ഹിയറിംഗിൽ പങ്കെടുക്കുവാൻ താല്പര്യമില്ല എന്ന നിഗമനത്തിൽ, തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും, ടിയാനെതിരായി ആരംഭിച്ച അച്ചടക്കനടപടി, കെ.എസ്.ആർ ഭാഗം III ചട്ടം 59(ബി) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും 150/- രൂപ വീതം 3 വർഷത്തേയ്ക്ക് തടയുവാനുള്ള സർക്കാരിന്റെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, തീർപ്പാക്കുന്നതിന്മേൽ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

9. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയ പരാമർശം 6 കത്ത് പ്രകാരം, ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ പരിശോധിച്ചതായും, കെ.എസ്.ആർ ഭാഗം III ചട്ടം 59(ബി) പ്രകാരം പെൻഷനിൽ നിന്ന് സ്ഥിരമായി കുറവ് ചെയ്യുവാൻ മാത്രമേ വ്യവസ്ഥ ചെയ്യുന്നുള്ളൂ എന്നതിനാൽ ചട്ടം 59(ബി) പ്രകാരം പ്രതിമാസപെൻഷനിൽ നിന്ന് സ്ഥിരമായി കുറവ് ചെയ്യേണ്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്തിരുന്നു.

10. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിൽ നിന്നും റവന്യൂ ഓഫീസർ തസ്തികയിൽ വിരമിച്ച, ശ്രീ. പി.റ്റി വിജയനെതിരായി സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച നടപടി, കെ.എസ്.ആർ ഭാഗം III ചട്ടം 59(ബി) പ്രകാരം ടിയാന്റെ പ്രതിമാസപെൻഷനിൽ നിന്നും 150/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്തുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. പി.റ്റി വിജയൻ, റവന്യൂ ഓഫീസർ(റിട്ട.), കൊച്ചി നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ

മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 02-11-2023 16:26:22

സെക്ഷൻ ഓഫീസർ